(ഡി) ഇപ്പോൾ അങ്ങിനെ കൊടുത്തുവരുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്നു മുതൽക്കാണെന്നും എന്തുകൊണ്ടാണെന്നും പറയാമോ?

റാവുസാഹിബ് എം. നാരായണമേനോൻ (*Commissioner of Police*).—

(എ) ഉണ്ട്.

(ബി) ൧൯൩൬ മുതൽക്ക്.

(സി) ഉവ്വ്.

(ഡി) ഉവ്വ്.

(ഇ) സുഖക്കേടിൽ കിടക്കുന്ന ദരിദ്രന്മാരായ കാൺസ്റ്റബിൾമാരുടെ രക്ഷക്കായി ഒരു ഫണ്ടു ഉണ്ടാക്കുവാൻവേണ്ടി ഈ വക സംഖ്യകൾ ൧൯൩൬ മുതൽ സൂക്ഷിച്ചിരുന്നു. എന്നാൽ ഇതിൽ പലർക്കും അതുപയോഗിയുണ്ടെന്നു ഗവർമ്മെണ്ടിനു ബോദ്ധ്യപ്പെട്ടുകയാൽ ഇപ്പോൾ മേല്പറഞ്ഞ ഏർപ്പാടു വേണ്ടെന്നു നിശ്ചയിച്ചു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ഈ വ്യവസ്ഥ ഏർപ്പെടുത്തിയതു മിസ്റ്റർ അബ്ദുൽ കാദിർ കമ്മീഷണർ ആയിരുന്ന കാലത്തല്ലേ?

റാവുസാഹിബ് എം. നാരായണമേനോൻ (*Commissioner of Police*).— അതു എനിക്കു നിശ്ചയമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— മേലാൽ ഇങ്ങിനെ പിരിക്കുന്ന സംഖ്യ അതാതു കാൺസ്റ്റബിൾമാക്കുതന്നെ വീതിച്ചു കൊടുക്കുവാനാണോ വിചാരിക്കുന്നതു?

റാവുസാഹിബ് എം. നാരായണമേനോൻ (*Commissioner of Police*).— അതെ.

Kuran teacher—Nadavarambu Lower Secondary School.

൩൨൨. മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു ദയവായി മറുപടി പറയുമോ:—

(എ) നടവരമ്പു ലോവർ സെക്കണ്ടറി സ്കൂൾ എന്നാണു ഗവർമ്മെണ്ടിലേക്കു എടുത്തതു;

(ബി) പ്രസ്തുത സ്കൂൾ ഗവർമ്മെണ്ടിലേക്കെടുത്ത കാലത്തു ഉണ്ടായിരുന്ന ഖുറാൻ ടീച്ചർ ആരായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ന) അദ്ദേഹത്തെ എന്നാണു ടി സ്കൂളിൽ ഖുറാൻ ടീച്ചറായി നിയമിച്ചിട്ടുള്ളതു്;

(ര) ടി സ്കൂൾ ഗവർമ്മെണ്ടിലേക്കു ഏറെറടുത്തശേഷം അദ്ദേഹം അവിടെ ഖുറാൻ ടീച്ചറായിരുന്നുവോ?

(ഭ) ഇപ്പോഴും അദ്ദേഹംതന്നെയാണൊ;

(ന) അല്ലെങ്കിൽ എന്നു മുതൽക്കാണു് അദ്ദേഹത്തെ ടി സ്കൂളിൽനിന്നും പിരിച്ചുവിട്ടതു്;

(ഭ) പിരിച്ചു വിട്ടതാണെങ്കിൽ അതിനുള്ള കാരണമെന്തു്?

റാവുസാഹിബ് ഐ. എൻ. മേനോൻ (*Director of Public Instruction*).—

(ക) ക—ക—ക ക ൦ വ.

(ഖ) ടി. എം. സെയ്ത്അഹമ്മത്.

(ന) ക—ക ക—ക ക ൦ ൦.

(ര) ഉവ്വ്.

(ഭ) അല്ല.

(ന) ഒ—ക ക—ക്കക്ക.

(ഭ) ഖുറാൻ ടീച്ചരുടെ ഉദ്യോഗത്തിനു നിശ്ചയിച്ചിട്ടുള്ള പരീക്ഷ പാസ്സാകാഞ്ഞതിനാൽ പിരിച്ചുവിട്ടതാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).—ക—ക്ക—ക്ക൦൦-ൽ അദ്ദേഹത്തെ ഈ സ്കൂളിൽ നിയമിക്കുന്നതിനു മുമ്പു അദ്ദേഹം ഈ സ്കൂളിന്റെ അടുത്തു ഒരു അറബി മുസ്ലീം സ്കൂൾ നടത്തിവരുകയായിരുന്നില്ലേ?

റാവു സാഹിബ് ഐ. എൻ. മേനോൻ (*Director of Public Instruction*).— അതു തീർച്ചയായി പറവാൻ കഴികയില്ല. സാധാരണ ഖുറാൻ അദ്ധ്യാപകന്മാർ അറബി അദ്ധ്യാപകന്മാർ ആയിരുന്നാവരാണു്. അതു അങ്ങിനെതന്നെ ആയിരിക്കുവാനാണു വഴി.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— മിസ്റ്റർ ടി. എം. സേയ്ത മുഹമ്മദ് എന്നു പറയുന്ന ആൾക്കു എന്തു പ്രായം വരും?

റാവു സാഹിബ് ഐ. എൻ. മേനോൻ (*Director of Public Instruction*).— ര൭ വയസ്സായി.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).—ക—ക്ക—ക്ക൦൦-ൽ, അതല്ലെങ്കിൽ അതിനുശേഷം നിയമിച്ചിട്ടുള്ള ഖുറാൻ ടീച്ചേഴ്സിൽനിന്നു ആരെയെങ്കിലും ഇങ്ങിനെയുള്ള പരീക്ഷയിൽനിന്നും ഒഴിവാക്കീട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ് ഐ. എൻ. മേനോൻ (*Director of Public Instruction*).— ശരിക്കു പറയണമെങ്കിൽ നോട്ടീസു വേണം. പരീക്ഷ പാസാകാത്ത ആളുകളെ പിരിച്ചയച്ചിട്ടുണ്ട്. ൪൦, ൪൫ വയസ്സുള്ളവരേയും അതിൽ കൂടുതൽ സർവ്വീസുള്ളവരേയും മാത്രമേ അനുവദിച്ചിട്ടുള്ളൂ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ചേലക്കര സ്കൂളിൽ നിയമിച്ചിട്ടുള്ള ഏതാണ്ടു ഈ പ്രായം വരുന്ന ഒരാളെ പരീക്ഷയിൽനിന്നും ഒഴിവാക്കീട്ടുണ്ടോ?

റാവു സാഹിബ് ഐ. എൻ. മേനോൻ (*Director of Public Instruction*).— നോട്ടീസു വേണം. തക്കതായ കാരണമില്ലാതെ എക്സംപ്ഷൻ കൊടുത്തിട്ടുണ്ടാകയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ഈ ആൾക്ക് ഏതാണ്ടു ൪൦ വയസ്സ് എത്തീട്ടുണ്ട്.

റാവു സാഹിബ് ഐ. എൻ. മേനോൻ (*Director of Public Instruction*).— ഉദ്ദേശം ൪൦ എന്നു പറഞ്ഞാൽ ചിലപ്പോൾ ൪൭ വയസ്സേ ആയുള്ളൂ എന്നും വരാം. തക്കതായ പരീക്ഷാബിരുദ സമ്പാദിച്ചിട്ടുള്ള ആളുകൾ മുസ്ലീമിങ്ങളിലുണ്ട്. അങ്ങിനെയിരിക്കുമ്പോൾ ഈയാൾക്കു മൂന്നു പ്രാവശ്യം പരീക്ഷ പാസാകുവാൻ അനുവാദം കൊടുത്തു. മൂന്നു പ്രാവശ്യം തോറ്റു.

മിസ്റ്റർ വി. കെ. കുട്ടി (*Muslims*).— ഖുറാൻ ടീച്ചേഴ്സിനെ നിയമിക്കുവാൻ ഗവമ്മെണ്ടു ആർഡർ പാസ്സാക്കിയ അവസരത്തിൽ ഈ പരീക്ഷ പാസ്സാകണം എന്ന നിർബന്ധമുണ്ടോ?

റാവു സാഹിബ് ഐ. എൻ. മേനോൻ (*Director of Public Instruction*).— നോട്ടീസു വേണം.

മിസ്റ്റർ വി. കെ. കുട്ടി (*Muslims*).— ഈ ആർഡർ വന്നതിനു ശേഷം പരീക്ഷ പാസാകാത്ത വല്ലവരേയും പിരിച്ചു വിട്ടിട്ടുണ്ടോ?

റാവുസാഹിബ് ഐ. എൻ. മേനോൻ (*Director of Public Instruction*).— നോട്ടീസു വേണം.

മിസ്റ്റർ വി. കെ. കുട്ടി (*Muslims*).— ൫൭ വയസ്സുള്ള ഈ ആളെ നിർബ്ബന്ധമായിട്ട പിരിച്ചുവിട്ടതാണോ?

റാവുസാഹിബ് ഐ. എൻ. മേനോൻ (*Director of Public Instruction*).— ഗവമ്മെണ്ടിനു നിർബ്ബന്ധമാണെന്നു തോന്നിയിട്ടുണ്ടെങ്കിൽ അതു ചെയ്യുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly